കേരള സർക്കാർ

ജലവിഭവ വകുപ്പ്

(ചെറുകിട ജലസേചന സബ് ഡിവിഷൻ, മുളന്തുരുത്തി)

ലഘു ദർഘാസ് പരസ്യം

നമ്പർ ഡി ബി 01/2018-19 തീയതി 18.08.2020

ബഹുമാനപ്പെട്ട കേരള ഗവർണ്ണർക്ക് വേണ്ടി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ മൈനർ ഇറിഗേഷൻ സബ് ഡിവിഷൻ, മുളന്തുരുത്തി താഴെ പറയുന്ന പ്രവൃത്തിക്ക് നിശ്ചിത യോഗ്യതയുളള സർക്കാർ അംഗീകൃത കരാറുകാരിൽ നിന്നും 24.08.2020 ഉച്ചയ്ക്ക് 1.00 മണി വരെ മത്സരസ്വഭാവമുളള ദർഘാസുകൾ പ്രവൃത്തിയുടെ പേര് ആലേഖനം ചെയ്തിട്ടുളള മുദ്ര വച്ച കവറുകളിൽ തപാലിൽ രജിസ്ട്രേഡ്/സ്പീഡ് പോസ്റ്റായി മാത്രം ക്ഷണിച്ചു കൊളളുന്നു. തപാലിൽ ഉണ്ടാകാവുന്ന കാലതാമസത്തിന് ഈ വകുപ്പ് ഉത്തരവാദിയായിരിക്കുന്നതല്ല. കൊറിയർ സർവീസിലൂടെയും നേരിട്ടും സമർപ്പിക്കുന്ന ദർഘാസുകൾ സ്വീകരിക്കുന്നതല്ല. അന്നേ ദിവസം വൈകുന്നേരം 3.00 ന് ഹാജരുളള കരാറുകാരുടെ സാന്നിദ്ധ്യത്തിൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറോ അദ്ദേഹം ചുമതലപ്പെടുത്തുന്ന മറ്റ് ഏതെങ്കിലും ഉദ്യോഗസ്ഥനോ നിശ്ചിത സമയത്തിനകം ലഭിച്ച ദർഘാസ് കവറുകൾ തുറന്ന് പരിശോധിക്കുന്നതായിരിക്കും. ഏതെങ്കിലും കാരണവശാൽ നിശ്ചിത ദിവസം അവധിയായിരുന്നാൽ തൊട്ടടുത്ത പ്രവൃത്തി ദിവസം ദർഘാസുകൾ പരിഗണിക്കുന്നതാണ്.

| ക്രമ നം | ദർഘാസ് നം | പ്രവൃത്തിയുടെ പേരും അടങ്കൽ തുകയും | നിരതദ്രവ്യം | ദർഘാസ് ഫാറത്തിന്റെ വില | പ്രവൃത്തിയുടെ കാലാവധി |
|---|---|---|---|---|---|
| 1 | 1/2020-21 | അടിയന്തിര പ്രവൃത്തി - നം.2 എൽ ഐ എസ് രാമമംഗലത്തിന്റെ ഇളയപാടം ബ്രാഞ്ച് കനാലിന്റെ അവസാനഭാഗത്തെ അറ്റകുറ്റപ്പണികൾ അടങ്കൽ തുക 2,49,290/- (Est No. 2020/3732/IA) | 6300 | 550/- | 1 മാസം |

ദർഘാസ് വിൽക്കുന്ന തീയതി : 20.08.2020 ഉച്ചയ്ക്ക് 1.00 മണി വരെ

ദർഘാസ് സ്വീകരിക്കുന്ന അവസാന തീയതി : 24.08.2020 ഉച്ചയ്ക്ക് 1.00 മണി വരെ

ദർഘാസ് പ്രമാണങ്ങളും മറ്റ് വിശദവിവരങ്ങളും നിശ്ചിത തുക 0702-01-800-97-00-00-NV എന്ന ഹെഡ് ഓഫ് അക്കൗണ്ടിൽ ട്രഷറിയിലടച്ച് രേഖാമൂലം അപേക്ഷിച്ചാൽ താഴെ ഒപ്പിട്ടിരിക്കുന്ന ഓഫീസറുടെ കാര്യാലയത്തിൽ നിന്നും ലഭിക്കുന്നതാണ്. ദർഘാസ് പ്രമാണങ്ങൾ പരസ്പരം കൈമാറാൻ പാടില്ലാത്തതാകുന്നു. ദർഘാസുകൾക്കൊപ്പം 200 രൂപയുടെ മുദ്രപത്രത്തിൽ പ്രാഥമിക ഉടമ്പടി ഒപ്പിട്ട് അടക്കം ചെയ്തിരിക്കേണ്ടതാണ്. നിരതദ്രവ്യം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിൽ വാങ്ങിയ നിശ്ചിത തുകയ്ക്കുളളതും അദ്ദേഹത്തിന് ഏതു സമയത്തും മാറത്തക്ക രീതിയിൽ

അധികാരപ്പെടുത്തിയിട്ടുള്ളതുമായിരിക്കണം. പ്രാഥമിക ഉടമ്പടി അടക്കം ചെയ്തിട്ടില്ലാത്തതും ആവശ്യമായ നിരതദ്രവ്യം കെട്ടിവയ്ക്കാത്തതുമായ ദർഘാസുകൾ നിരസിക്കുന്നതായിരിക്കും. 1989 ലെ കേരള നിർമ്മാണ തൊഴിലാളി ക്ഷേമനിധി നിയമഗ്രന്ഥത്തിലെ (2) വകുപ്പ് അനുസരിച്ച് പണികൾ ഏറ്റെടുത്ത് നടത്തുന്ന കരാറുകാരൻ നിർമ്മാണപ്രവൃത്തികളുടെ മൊത്തം ചെലവിന്റെ ഒരു ശതമാനം നിർമ്മാണതൊഴിലാളി ക്ഷേമനിധി ഫണ്ടിലേക്ക് നൽകുവാനും ബാധ്യസ്ഥനാണ്.

കേരള പൊതുമരാമത്ത് വകുപ്പിലെയും ജലവിഭവ വകുപ്പിലെയും ദർഘാസുകളെ സംബന്ധിച്ചുള്ള എല്ലാ വ്യവസ്ഥകളും ഈ ദർഘാസിനും ബാധകമായിരിക്കും. കൂടുതൽ വിവരങ്ങൾ ഓഫീസിൽ നിന്നും പ്രവൃത്തി സമയങ്ങളിൽ അന്വേഷിച്ച് അറിയാവുന്നതാണ്.

കരാറുകാരന്റെ യോഗ്യത - ഡി ക്ളാസിനും അതിനു മുകളിലും

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ
(പൂർണ്ണ അധിക ചുമതല)
(കേരള ഗവർണ്ണർക്ക് വേണ്ടി)

ചെറുകിട ജലസേചന ഉപവിഭാഗം
അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയം
മുളന്തുരുത്തി

പകർപ്പ്:
1. ചീഫ് എഞ്ചിനീയർ, (ജലസേചനവും ഭരണവും) തിരുവനന്തപുരം
2. സൂപ്രണ്ടിംഗ് എഞ്ചിനീയർ, മൈനർ ഇറിഗേഷൻ സെൻട്രൽ സർക്കിൾ, എറണാകുളം.
3. എക്സിക്യൂട്ടീവ് എഞ്ചിനീയർ, മൈനർ ഇറിഗേഷൻ ഡിവിഷൻ, എറണാകുളം.
4. പ്രസിഡന്റ്, പാമ്പാക്കുട, മണീട്, രാമമംഗലം പഞ്ചായത്ത്
5. ചെയർമാൻ, പിറവം മുനിസിപ്പാലിറ്റി
6. അസിസ്റ്റന്റ് എഞ്ചിനീയർ, എം ഐ സെക്ഷൻ, പിറവം, പാമ്പാക്കുട, മുളന്തുരുത്തി.
7. വില്ലേജ് ഓഫീസർ, പിറവം, പാമ്പാക്കുട
8. ഹെഡ് ക്ളാർക്ക്
9. നോട്ടീസ് ബോർഡ്